I/408806/2023

"ഭരണഭാഷ – മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,
തിരുവനന്തപുരം

നമ്പർ: SPIU/23/2021-A2

തീയതി: 10-07-2023

**ചുറ്ററിയിപ്പ്**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്- SPIU-STRIVE പദ്ധതി - Tracer Study നടത്തുന്നത്-സംബന്ധിച്ച്.

Skill Strengthening for Industrial Value Enhancement (STRIVE) എന്ന പദ്ധതി ഐ.ടി.ഐ.കളുടെ കാര്യശേഷിയും നിലവാരവും വർദ്ധിപ്പിക്കുക, അപ്രന്റീസ് ഷിപ്പ് പരിശീലനത്തിന്റെ നിലവാരമുയർത്തുക എന്നീ ഉദ്ദേശ ലക്ഷ്യങ്ങളോടെ കേന്ദ്ര സർക്കാർ ലോക ബാങ്കിന്റെ സഹായത്തോടെ സംസ്ഥാനത്തു നടപ്പിലാക്കുന്ന പദ്ധതിയാണ്. ടി പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നത് വ്യാവസായിക പരിശീലന വകുപ്പിലെ സ്റ്റേറ്റ് പ്രോജക്ട് ഇംപ് ളിമെൻറ്റേഷൻ യൂണിറ്റ് മുഖേനയാണ്.
STRIVE പദ്ധതിയിലെ റിസൾട്ട് ഏര്യാ-2 പ്രധാനമായും ഐ.ടി.ഐ.കളുടെ മൊത്തത്തിലുള്ള ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുക, പരിശീലന പരിപാടികൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാരിനെ സഹായിക്കുക എന്നീ ലക്ഷ്യങ്ങൾ വിഭാവനം ചെയ്തിട്ടുള്ളതാണ്. ടി റിസൾട്ട് ഏര്യായിൽ ആർജ്ജിക്കേണ്ട ഒരു പ്രധാന പ്രകടന സൂചകം [Key Performance Indicator (KPI)] ആണ് Tracer Study നടത്തുക എന്നത്.

STRIVE പദ്ധതിയിലെ Tracer Study നടത്തേണ്ടത് ഐടിഐ ബിരുദം നേടിയ പരിശീലനാർത്ഥികൾക്ക് ഐടിഐ പരിശീലനം എത്രത്തോളം അവരുടെ കരിയറിനെ സ്വാധീനിച്ചിട്ടുണ്ട് എന്നറിയുന്നതിനും തൊഴിൽ പരിശീലനത്തിൽ പങ്കെടുത്തതിനുശേഷം അവർ തെരഞ്ഞെടുത്ത കോഴ്സ്, പരിശീലനം, കരിയറിലുള്ള ഇടപെടലുകൾ എന്നിവ വിലയിരുത്തുന്നതിനും വേണ്ടിയാണ്. Tracer Study റിപ്പോർട്ട് രാജ്യത്തെ നൈപുണ്യ പരിശീലനം, തൊഴിൽ വകുപ്പിൽ ഭാവി പരിപാടികൾ എന്നിവ ആസൂത്രണം ചെയ്യുന്നതിനും ഉപകരിക്കുന്നതാണ്.

മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ സ്വകാര്യ ഐടിഐകളെ കൂടി ട്രേസർ സ്റ്റഡിയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ട്രേസർ സ്റ്റഡിയിൽ പങ്കെടുക്കുന്നതിനായി താല്പര്യമുള്ള സ്വകാര്യ ഐടിഐകൾ അവരുടെ സമ്മതം 20-07-2023 ന് മുൻപായി **strive.kerala@gmail.com** എന്ന ഇമെയിൽ മുഖാന്തിരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ

സ്വീകർത്താവ്: പ്രിൻസിപ്പാൾ, എല്ലാ സ്വകാര്യ ഐടിഐകളും.